"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിഷൻ 2031 ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനായി ഭവന പദ്ധതികളുമായി ബന്ധപ്പെട്ട പ്രൊപ്പോസലിന്മേൽ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി ഉന്നതതല കമ്മിറ്റി (High Level Committee) രൂപീകരിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ)വകുപ്പ്**

സ.ഉ.(സാധാ) നം.1473/2026/LSGD തീയതി,തിരുവനന്തപുരം, 07-08-2026

---

പരാമർശം:-

1. 22/05/2026 തീയതിയിലെ സ.ഉ(കൈ)നം.3/2026/ പിഐഇ & എംഡി ഉത്തരവ്
2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 01/07/2026 ലെ എൽ എം/308/2026-എൽഎം6 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന സർക്കാരിന്റെ "വിഷൻ 2031" ന്റെ ഭാഗമായി ഭവനനിർമ്മാണം, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മത്സ്യ തൊഴിലാളികൾക്കും പ്രത്യേക പദ്ധതി, ഭവന പുനരുദ്ധാരണം, തോട്ടം തൊഴിലാളികളുടെ ലയങ്ങളുടെ നവീകരണം, ട്രാൻസ് ജെൻഡർ വിഭാഗങ്ങൾക്ക് പാർപ്പിട പദ്ധതി, ഭവന പദ്ധതികളുടെ തുക വർദ്ധനവ്, താഴ്ന്നവരുമാനക്കാർക്കായി കുറഞ്ഞ വാടകയ്ക്ക് നൽകുന്ന കൗൺസിൽ ഫ്ലാറ്റ് മാതൃക, തുടങ്ങിയ വിവിധ ഭവന പദ്ധതികളുമായി ബന്ധപ്പെട്ട് പരാമർശം 1 ഉത്തരവിലെ പ്രൊപ്പോസലുകളിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖ്യ ഏകോപന വകുപ്പായും (Anchor Department), പങ്കാളി വകുപ്പായും (Other Department Category) ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലുകളുമായി ബന്ധപ്പെട്ട വിവിധ നിർദ്ദേശങ്ങൾ പരിശോധിച്ച് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി, വിഷയത്തിൽ പ്രാവീണ്യമുള്ള വിദഗ്ധരുടെയും സ്റ്റേക്ക്ഹോൾഡർമാരുടെയും ഉന്നതതല കമ്മിറ്റി (High Level Committee) രൂപീകരിക്കാവുന്നതാണെന്ന് പരാമർശം 2 പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിഷൻ 2031 ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനായി വിവിധ ഭവന പദ്ധതികളുമായി ബന്ധപ്പെട്ട പരാമർശം (1) ലെ പ്രെപ്പോസലിന്മേൽ ഉള്ള നടപടികൾ പരിശോധിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന്, ചുവടെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരമുള്ള ഉന്നതതല കമ്മിറ്റി (High Level Committee) രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| 1 | പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് | ചെയർപേഴ്സൻ |
| 2. | പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് | മെമ്പർ |
| 3. | ഡയറക്ടർ(റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ് | മെമ്പർ |
| 4. | ഡയറക്ടർ(അർബൻ),തദ്ദേശ സ്വയംഭരണ വകുപ്പ് | മെമ്പർ |
| 5. | പ്രതിനിധി(ധനകാര്യ വകുപ്പ്) | മെമ്പർ |
| 6 | പ്രതിനിധി(റവന്യൂ വകുപ്പ്) | മെമ്പർ |
| 7 | പ്രതിനിധി(പട്ടികജാതി വകുപ്പ്) | മെമ്പർ |
| 8. | പ്രതിനിധി(പട്ടികവർഗ്ഗ വകുപ്പ്) | മെമ്പർ |
| 9. | പ്രതിനിധി(സാമൂഹ്യ നീതി വകുപ്പ്) | മെമ്പർ |
| 10. | പ്രതിനിധി(ഫിഷറീസ് വകുപ്പ്) | മെമ്പർ |
| 11. | എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ | മെമ്പർ |
| 12. | കമ്മീഷണർ, ഹൗസിംഗ് | മെമ്പർ |
| 13. | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷൻ | കൺവീനർ/മെമ്പർ സെക്രട്ടറി |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ഡയറക്ടർ(റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ(അർബൻ),തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ധനകാര്യ/റവന്യൂ/പട്ടികജാതി പട്ടികവർഗ്ഗ വികസനം/ സാമൂഹ്യ നീതി/ ഫിഷറീസ് വകുപ്പ്

ആഭ്യന്തരം /വിജിലൻസ് /ആസൂത്രണ-സാമ്പത്തിക കാര്യ വകുപ്പ്/ഭവന നിർമ്മാണം/പി & എആർഡി/ തൊഴിലും നൈപുണ്യവും വകുപ്പ്

കമ്മീഷണർ, ഹൗസിംഗ്, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Sreeja P
Date: 10-08-2026
13:10:03

സെക്ഷൻ ഓഫീസർ